# പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം :2310 09/03/2018 ൽ മറുപടിയ്ക്ക്

### ക്ലാപ്പന ഗ്രാമപഞ്ചായത്തിലെ കണ്ടൽക്കാടുകൾ

ചോദ്യം

ശ്രീ.ആർ.രാമചന്ദ്രൻ

ഉത്തരം

അഡ്വ: കെ. രാജു

(വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| എ | കരുനാഗപ്പള്ളി താലൂക്കിൽ ക്ലാപ്പന ഗ്രാമപഞ്ചായത്തിന്റെ തീരദേശമേഖലയിലെ കണ്ടൽക്കാടുകൾ സംരക്ഷിക്കുന്നതിന് തുക അനുവദിച്ചിട്ടുണ്ടോ; വിശദീകരിക്കാമോ; | എ | തുക അനുവദിച്ചിട്ടില്ല. |
| ബി | പ്രസ്തുത മേഖലയിൽ വ്യാപകമായി കണ്ടൽക്കാടുകൾ വെച്ചുപിടിപ്പിക്കുന്നതിന് പദ്ധതി തയ്യാറാക്കുമോ; വിശദീകരിക്കാമോ; | ബി | പ്രസ്തുത മേഖലയിൽ വ്യാപകമായി കണ്ടൽക്കാടുകൾ വെച്ചുപിടിപ്പിക്കുന്നതിന് പദ്ധതി തയ്യാറാക്കുന്ന കാര്യം പരിശോധിക്കാവുന്നതാണ്. ഗ്രീൻ ഇന്ത്യ മിഷൻ പദ്ധതി പ്രകാരം ഇതിനായുള്ള സൂക്ഷ്മസൂത്രണ രേഖ തയ്യാറാക്കുന്ന കാര്യവും പരിശോധിക്കാവുന്നതാണ്. |
| സി | സ്വകാര്യ വ്യക്തികളുടെ ഉടമസ്ഥതയിലുള്ള ചതുപ്പ് നിലങ്ങളിൽ കണ്ടൽ വനങ്ങൾ വെച്ചു പിടിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ യെന്ന് വ്യക്തമാക്കുമോ?; | സി | കേന്ദ്രാവിഷ്കൃത പദ്ധതിയായ കൺസർ വേഷൻ ഓഫ് നാച്ചുറൽ റിസോഴ്സ് & ഇക്കോ സിസ്റ്റം (വെറ്റ് ലാന്റ് കൺസർവേഷൻ) ന്റെ കീഴിൽ കണ്ടൽ മേഖലയിൽ താമസിക്കുന്ന ജനങ്ങൾക്ക് കണ്ടൽ തൈകൾ വിതരണം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. സ്വകാര്യ വ്യക്തികളുടെ ഉടമസ്ഥതയിലുള്ള ചതുപ്പുനിലങ്ങളിൽ കണ്ടൽക്കാടുകൾ വച്ചുപിടിപ്പിച്ച് സംരക്ഷിക്കുന്നതിന് ഫണ്ടിന്റെ ലഭ്യതയുടെ അടിസ്ഥാനത്തിൽ (ജി.ഒ (ആർ.റ്റി) 354/2013/F&WLD, dated 12.09.2013) നമ്പർ സർക്കാർ ഉത്തരവ് പ്രകാരം ധനസഹായം നൽകിവരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ